ഇ.ജി.1/70798/2019/ആവഡ　　　　ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,　തീയതി 03/6/2020

# നോട്ടീസ്

വിഷയം - ആരോഗ്യവകുപ്പ് – ജീവനക്കാര്യം –ശ്രീ.അനിൽകുമാർ ജോൺ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പ്രാഥമികാരോഗ്യ കേന്ദ്രം, കുളത്തൂർ - ജില്ലാ മലേറിയ ഓഫീസർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നത് – സംബന്ധിച്ച് .

സൂചന - 1) സ.ഉ(കൈയ്യെഴുത്ത്) നം. 435/94/ആകുവ തീയതി 14/12/1994
2) ഉത്തരവ് നം.ഇ.ജി1/103434/08/ആവഡ തീയതി 22/6/2011, 8/03/2019.
3) സർക്കാർ കത്ത് നമ്പർ എച്ച്2/7/2020/ആ.കു.വ തീയതി 21/4/2020.

ആരോഗ്യവകുപ്പിന്റെ കീഴിൽ ഉള്ള ജില്ല മലേറിയ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം നൽകണം എന്നാവശ്യപ്പെട്ട് കുളത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ ജോൺ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ 1/8/2019-ൽ ടി തസ്തികയിൽ ഉണ്ടായ ഒഴിവിലേയ്ക്ക് നിയമിക്കുന്നതിന് സൂചന (3) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ടി തസ്തികയിലേയ്ക്കുള്ള നിയമനം സൂചന (1) പ്രകാരമുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നടത്തുന്നത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച ജില്ല മലേറിയ ഓഫീസർ തസ്തികയിലേയ്ക്ക് യോഗ്യരായവരുടെ ലിസ്റ്റിൽ നിന്നുമാണ് 31/7/2019 വരെ നിയമനങ്ങൾ നടത്തിയിരുന്നത്.

ശ്രീ.അനിൽകുമാർ ജോണിനെ ജില്ല മലേറിയ ഓഫീസർ തസ്തികയിൽ 1/8/2019 ൽ ഉണ്ടായ ഒഴിവിലേയ്ക്ക് നിയമിക്കുവാൻ സർക്കാർ നിർദ്ദേശിച്ച സാഹചര്യത്തിൽ ടിയാനെ സൂചന (2) പ്രകാരം പുറപ്പെടുവിച്ച ലിസ്റ്റിൽ 7(A) ആയി ഉൾപ്പെടുത്തുവാൻ താൽക്കാലികമായി തീരുമാനിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Rank No | Name | Date of Birth | Designation | Present Station | Qualification | | Date of Commencement of service | Scale of pay |
|---|---|---|---|---|---|---|---|---|---|
| | | | | | | Academic | Technical | | |
| 7(A) | 468 | Anilkumar John | 31/5/69 | HI | PHC Kulathur | BSC Botany | HIC | 23/6/95 | 8390-13270 |

ഇതിൽ ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം ഉചിതമാർഗ്ഗേന രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഇല്ല എന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച ഉത്തരവാകുന്നതാണ്.

ഒപ്പ്,
ഡോ.വി.മീനാക്ഷി
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)

സ്വീകർത്താവ്

1) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി,
കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്
വയനാട്, കണ്ണൂർ, കാസർഗോഡ്.

2) ഫയൽ/കരുതൽ ഫയൽ.

// അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.വി